# 2019-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും

2019 നവംബർ മാസം 6-ാം തീയതി സമർപ്പിച്ചത്

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2019

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

# 2019-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും

1106/2019.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| 1. | സമിതിയുടെ ഘടന .. | v |
| 2. | റിപ്പോർട്ട് .. | 1 |
| 3. | അനുബന്ധം : | |
| | I. വിയോജനക്കുറിപ്പ് .. | 3 |
| | II. സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള ബിൽ .. | 5 |

# സബ്ജക്ട് കമ്മിറ്റി IX

## (തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും)

## (2019-2021)

### ഘടന

ചെയർമാൻ :

ശ്രീ. എ. സി. മൊയ്തീൻ,
തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി.

എക്സ്-ഒഫീഷ്യോ അംഗം :

ശ്രീ. ഇ. ചന്ദ്രശേഖരൻ,
റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി.

അംഗങ്ങൾ :

ശ്രീമതി പി. അയിഷാ പോറ്റി

ശ്രീ. മഞ്ഞളാംകുഴി അലി

ശ്രീ. അനിൽ അക്കര

ശ്രീ. കെ. ആൻസലൻ

ശ്രീ. പി. വി. അൻവർ

ശ്രീ. കെ. ബാബു

ശ്രീ. കെ. എസ്. ശബരീനാഥൻ

ശ്രീ. പി. ഉബൈദുള്ള

ശ്രീ. ഇ. കെ. വിജയൻ

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീ. രാജു കെ. എ., ജോയിന്റ് സെക്രട്ടറി

ശ്രീ. ജി. എസ്. സുരേഷ് കുമാർ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. എം. എസ്. ശ്രീകുമാർ, അണ്ടർ സെക്രട്ടറി.

# 2019-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ

## (സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്)

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ പരിഗണനയ്ക്കായി അയച്ച 2019-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ (ബിൽ നമ്പർ 214), സമിതി ഖണ്ഡം ഖണ്ഡമായി പരിഗണിച്ചതനുസരിച്ചുള്ള സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്നു.

2. 2019-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ, 2019 ഒക്ടോബർ 19-ാം തീയതി ഒരു അസാധാരണ ഗസറ്റായി പ്രസിദ്ധീകരിച്ചു. ഈ ബിൽ 2019 ഒക്ടോബർ 29-ാം തീയതി സഭയിൽ അവതരിപ്പിക്കുകയും അന്നേ ദിവസം തന്നെ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു.

3. 2019 ഒക്ടോബർ 29-ാം തീയതി സമിതി യോഗം ചേർന്ന് ബിൽ ഖണ്ഡം ഖണ്ഡമായി പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

4. വിയോജനക്കുറിപ്പും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും അനുബന്ധമായി ചേർത്തിരിക്കുന്നു.

എ. സി. മൊയ്തീൻ,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി IX.*

തിരുവനന്തപുരം,
2019 ഒക്ടോബർ 29.

## അനുബന്ധം I

## 2019-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബില്ലിനുള്ള വിയോജനക്കുറിപ്പ്

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 219 എ വകുപ്പിന്റെ 4-ാം ഉപവകുപ്പ് പ്രകാരം ഖരമാലിന്യങ്ങളും, ചവറും, മറ്റ് മാലിന്യങ്ങളും, അപ്രകാരമുള്ള മറ്റ് വസ്തുക്കളും രണ്ടോ അതിലധികമോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും സർക്കാർ ശേഖരിച്ച് കൊണ്ടുപോയി സംസ്കരിക്കുന്നതിന് പദ്ധതി ഏറ്റെടുക്കുവാൻ നിബന്ധനയുണ്ട്. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് ആവശ്യമായി ഭൂമി ഏറ്റെടുക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ കൈവശത്തിലുള്ള ഭൂമി ഗസറ്റ് വിജ്ഞാപനം വഴി സർക്കാരിന് ഏറ്റെടുക്കുവാൻ അധികാരം നൽകുന്നതിനാണ് ഭേദഗതി കൊണ്ടുവന്നിട്ടുള്ളത്. സർക്കാർ അപ്രകാരം ഏറ്റെടുക്കുന്ന സ്ഥലത്ത് താമസിക്കുന്ന സ്ഥലവാസികളുടെ അഭിപ്രായം ആരായുന്നതിനും, അവരുടെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ മാത്രം പ്രസ്തുത സ്ഥലത്ത് മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിച്ചില്ലെങ്കിൽ വിളപ്പിൽശാലയിൽ സംഭവിച്ചത് പോലുള്ള പ്രശ്നങ്ങൾ ഭാവിയിൽ ഉണ്ടാകുവാൻ സാധ്യതയുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കൈവശമുള്ള ഭൂമി അവരുടെ അഭിപ്രായം ആരായാതെ സർക്കാർ സ്വമേധയാ ഏറ്റെടുത്ത് മാലിന്യസംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നത് അധികാര വികേന്ദ്രീകരണത്തിന് പകരം അധികാര കേന്ദ്രീകരണത്തിന് ഇടയാക്കും. അതിനാൽ ഈ ഭേദഗതിയോട് വിയോജിപ്പ് രേഖപ്പെടുത്തുന്നു.

| | |
|---|---|
| മഞ്ഞളാംകുഴി അലി | (ഒപ്പ്) |
| അനിൽ അക്കര | (ഒപ്പ്) |
| കെ. എസ്. ശബരീനാഥൻ | (ഒപ്പ്) |
| പി. ഉബൈദുള്ള | (ഒപ്പ്) |

1106/2019.

അനുബന്ധം II

# 2019-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ

(സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ളത്)

## 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

## ഒരു

## ബിൽ

പീഠിക.—1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് (1994-ലെ 13) ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപതാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2019-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2019 മാർച്ച് 2-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 219 എ വകുപ്പിനുള്ള ഭേദഗതി.—1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ (1994-ലെ 13) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 219 എ വകുപ്പിൽ, (4)-ാം ഉപവകുപ്പിനുശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(5) ഈ ആക്റ്റിലോ തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, (4)-ാം ഉപവകുപ്പിൽ അടങ്ങിയിട്ടുള്ള വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന്റെ ആവശ്യത്തിലേയ്ക്കായി സർക്കാരിന്, പ്രസ്തുത ഉപവകുപ്പിൽ വ്യക്തമാക്കിയിട്ടുള്ള പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ളതും തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ കൈവശത്തിലുള്ളതുമായ ഏതെങ്കിലും ഭൂമി, ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന ഒരു വിജ്ഞാപനം വഴി, ഏറ്റെടുക്കുന്നതിന് അധികാരമുണ്ടായിരിക്കുന്നതാണ്.".

3. റദ്ദാക്കലും ഒഴിവാക്കലും.—(1) 2019-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ഓർഡിനൻസ് (2019-ലെ 29) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻ കീഴിൽ ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ, ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻ കീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

കേരള നിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
2019 ഒക്ടോബർ 29.

എസ്. വി. ഉണ്ണികൃഷ്ണൻ നായർ,
*സെക്രട്ടറി.*